(ബി) അവയുടെ വിശദാംശങ്ങൾ (പേര്, കോളനിവാസികളുടെ എണ്ണം, വീട്, കിണർ, കക്കൂസ്, വൈദ്യുതി എന്നിവ ഇല്ലാത്തവരുടെ എണ്ണം) വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ പ്രസ്തുത കോളനികളിൽ പട്ടികജാതി വകുപ്പ് മുഖാന്തരം നടത്തിയ വികസന പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൊട്ടാരക്കര വികസ ബ്ലോക്കിൽ 195-ഉം, വെട്ടിക്കവല വികസന ബ്ലോക്കിൽ 148-ഉം പട്ടികജാതി കോളനികൾ ഉണ്ട്.

(ബി) അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതിന് പുറമെ കൊട്ടാരക്കര ബ്ലോക്കിലെ പ്ലാക്കാട് അംബേദ്കർ ഗ്രാമം 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൊട്ടാരക്കര മണ്ഡലത്തിൽ നൽകിയ വ്യക്തിഗത ആനുകൂല്യങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതികളുടെ പ്രവർത്തന പുരോഗതി

295 (993) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികജാതി പെൺകുട്ടികളുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള വാത്സല്യനിധി പദ്ധതിക്കായി 2014-15 ബഡ്ജറ്റിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ട് ;

(ബി) മിഷൻ 676-ൽ ഉൾപ്പെടുത്തിയ വിദ്യാജ്യോതി പദ്ധതിക്കായി 2014-15 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിചേർന്ന് പട്ടികജാതിക്കാർക്കായി ശുശ്രൂഷാനങ്ങൾ ആരംഭിക്കാൻ മിഷൻ 676-ൽ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിലേക്ക് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയെത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര ശൗചാലയങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു ; ആയതിന് എത്ര തുക ചെലവഴിച്ചുവെന്ന് പറയാമോ ;

(ഇ) വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതികൾക്കായി 31-1-2015 വരെ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാത്സല്യനിധി പദ്ധതിക്കായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2225-01-102-95 (പ്ലാൻ) എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്.

(ബി) വിദ്യാജ്യോതി പദ്ധതിയ്ക്കായി മാത്രം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(സി) നിർദ്ദേശിച്ചിട്ടുണ്ട്. സ്നേഹവനം പദ്ധതിയ്ക്കായി മാത്രം ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് ആവശ്യമായ തുക കണ്ടെത്തുന്നത്.

(ഡി) സ്നേഹവനം പദ്ധതി പ്രകാരം പട്ടികജാതിക്കാർക്കായി ശൗചാലയങ്ങളൊന്നും പുതുതായി ആരംഭിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള 27 ശൗചാലയങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപ അനുവദിക്കുകയും 30.43 ലക്ഷം രൂപ ഇതിനകം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുക നടപ്പ് വർഷം തന്നെ ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതികൾക്കായി 31-1-2015 വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

മേലെപാൽച്ചുരം പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനം

296 (994) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊട്ടിയൂർ പഞ്ചായത്തിലെ മേലെപാൽച്ചുരം പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേക പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം ; മേൽ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly